<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് പരിശീലനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നാല്പത്തിയാറ് ലക്ഷത്തോളം രൂപ ചെലവഴിച്ച് പഞ്ചനക്ഷത്ര സൗകര്യങ്ങളിൽ പരിശീലനം നൽകിയതിനുള്ള കാരണം വിശദമാക്കാമോ; | (എ) | കൃത്യമായ പരിശീലനത്തിന് ആവശ്യമായ കാര്യങ്ങളെ ഉൾപ്പെടുത്തി മിതമായ വിധത്തിൽ ആണ് പരിശീലനം നടത്തിയിട്ടുള്ളത്. പരിശീലനത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായ ലാബ് സൗകര്യങ്ങൾ, പ്രായോഗിക പരിശീലനത്തിന് ഉള്ള അടിസ്ഥാന സൗകര്യങ്ങൾ, അതിനോടൊപ്പമുള്ള താമസ സൗകര്യം എന്നിവ കണക്കിലെടുത്താണ് പരിശീലനം ആസൂത്രണം ചെയ്തിട്ടുള്ളത്. മുന്നൂറോളം ഉദ്യോഗസ്ഥർക്ക് ആറ് ദിവസം പരിശീലനം നല്കുന്നതിലേയ്ക്കായി 46,65,000/- രൂപയ്ക്ക് 18.05.2024-ലെ സ.ഉ.(സാധാ) നം.418/2024/ നികുതി പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു.<br><br>2022-ലെ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടനയ്ക്കുശേഷം ഓഡിറ്റ്, ഇന്റലിജൻസ് വിംഗുകളിലെ ഉദ്യോഗസ്ഥർക്ക് വിശദമായ പരിശീലനം മുൻവർഷങ്ങളിൽ നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻഫോഴ്സ്മെന്റ് ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകിയത്. ഈ പരിശീലനപരിപാടിയിലൂടെ എൻഫോഴ്സ്മെന്റ് വിംഗിലെ ഉദ്യോഗസ്ഥരുടെ പ്രായോഗികവും സാങ്കേതികവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. |
| (ബി) | സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള ധൂർത്ത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉദ്യോഗസ്ഥർക്കു ആവശ്യമായ പരിശീലനം നൽകുകയാണുണ്ടായത്; ധൂർത്ത് ഉണ്ടായിട്ടില്ല. സംസ്ഥാന ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രായോഗികവും സാങ്കേതികവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | ധൂര്‍ത്തും പാഴ് ചെലവുകളും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം കൊണ്ടുവരാന്‍ നടപടികള്‍ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ധൂര്‍ത്തും പാഴ് ചെലവും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിച്ചു വരുന്നുണ്ട്. |

സെക്ഷന്‍ ഓഫീസര്‍